അട്ടപ്പാടിയിലെ സ്വർണ്ണ നിക്ഷേപം ഖനനം ചെയ്യുവാനുള്ള സാദ്ധ്യതകളെപ്പറ്റി പഠിക്കുവാൻ സംസ്ഥാന മൈനിങ് ആന്റ് ജിയോളജി വകുപ്പും ജിയോളജിക്കൽ സർവ്വെ ഓഫ് ഇൻഡ്യയും ഹട്ടിഗോർഡ് മൈൻസുമായി ചേർന്ന് ഒരു കർമ്മ പരിപാടി ആവിഷ്ക്കരിക്കുവാൻ ഉദ്ദേശമുണ്ട്.

കാർഷികാധിഷ്ഠിത വ്യവസായ വളർച്ചയ്ക്ക് സ്വീകരിച്ച നടപടി

18 [*348] ശ്രീ. ജോസഫ് എം. പുതുശ്ശേരി :

,, സ്റ്റീഫൻ ജോർജ് :

,, തോമസ് ഉണ്ണിയാടൻ :

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷികാധിഷ്ഠിത വ്യവസായ വളർച്ചക്ക് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) മരച്ചീനിയിൽ നിന്നും ഗ്ലൂക്കോസ് തുടങ്ങിയ വൈവിധ്യമാർന്ന ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നത് ഉൾപ്പെടെയുള്ള കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെ വികസനത്തിനു വേണ്ടി ഒരു പുതിയ സ്കീം സർക്കാർ ആവിഷ്കരിക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ) കേരളത്തിൽ കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്കരണ വ്യവസായ വികസനത്തിനായി സർക്കാർ മറ്റു ചെറുകിട വ്യവസായങ്ങളുടെ വികസനത്തിനായി നൽകുന്ന ആനുകൂല്യങ്ങളേക്കാൾ കൂടുതലായി താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നു.

കാർഷികാധിഷ്ഠിത/ഭക്ഷ്യ സംസ്കരണ മേഖലയെ ത്രസ്റ്റ് ഇൻഡസ്ട്രീസിൽ പെടുത്തി 15% മൂലധന സബ്സിഡി പരമാവധി 15 ലക്ഷം രൂപ വരെ നൽകിവരുന്നു.

ഇടുക്കി, വയനാട് എന്നിവിടങ്ങളിൽ ആരംഭിക്കുന്ന ഇത്തരം യൂണിറ്റുകൾക്ക് പരമാവധി 25 ലക്ഷം രൂപ വരെ സബ്സിഡി നൽകിവരുന്നു.

ഭക്ഷ്യ സംസ്കരണ മേഖലയുടെ വികസനത്തിന് അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് ഫുഡ് പാർക്കുകൾ സ്ഥാപിച്ചു.

കിൻഫ്രയുടെ ഫുഡ് പ്രോസസിംഗ് പാർക്കുകളിൽ കാർഷികോൽപ്പന്നങ്ങൾ സംസ്കരിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ ക്വാളിറ്റി കൺട്രോൾ ലാബ്, പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ തുടങ്ങിയ കാർഷികവിഭവങ്ങളെ ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള കോൾഡ് സ്റ്റോറേജ്, ഫുഡ് ഇൻക്യുബേഷൻ സെന്റർ എന്നിവ ഒരുക്കിവരുന്നു. കൂടാതെ ഈ പാർക്കുകളിൽ ഭക്ഷ്യ സംസ്കരണ ശാലകളിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly

പുറന്തള്ളുന്ന മലിന ജലത്തെ ശുദ്ധീകരിക്കുന്നതിനുള്ള കോമൺ എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റും സജ്ജീകരിച്ചുവരുന്നു. ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾക്ക് കേന്ദ്ര സർക്കാരും ധനസഹായം നൽകുന്നുണ്ട്. ഈ ധനസഹായം നേടിക്കൊടുക്കുന്നതിനായി കിൻഫ്രയെ സംസ്ഥാനത്ത് നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്. അതനുസരിച്ച് ഏകദേശം 1414 ലക്ഷം രൂപയുടെ ധനസഹായം വിവിധ ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾക്ക് നൽകുന്നതിന് ഇതിനകം അംഗീകാരം ആയിട്ടുണ്ട്.

പത്താം പഞ്ചവത്സര പദ്ധതിയിൽ സെറികൾച്ചർ പദ്ധതികളുടെ വികസനം ത്വരിതപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും വേണ്ടി 40 ക്ലസ്റ്ററുകളിലായി 125 ഗ്രാമപഞ്ചായത്തുകളിലായി സെറി കൾച്ചർ പദ്ധതിക്ക് പ്രത്യേകം ഊന്നൽ നൽകി. മൾബറി കർഷകർക്ക് പരിശീലനം നൽകുന്നതിനും, കർഷകർ ഉല്പാദിപ്പിക്കുന്ന മുഴുവൻ കൊക്കുണും ഗുണമേന്മയുടെ അടിസ്ഥാനത്തിൽ വില നൽകി എല്ലാ ജില്ലാ കേന്ദ്രങ്ങളിലും സംഭരിക്കുന്നതിനും നടപടികൾ എടുത്തിട്ടുണ്ട്.

(ബി) മരച്ചീനിയിൽ നിന്നും ഗ്ലൂക്കോസ് തുടങ്ങിയ വൈവിദ്ധ്യമാർന്ന ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നത് ഉൾപ്പെടെയുള്ള കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെ വികസനത്തിനുവേണ്ടി ഒരു പുതിയ സ്കീം സർക്കാർ ആവിഷ്കരിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

ധാതു ലവണങ്ങളെക്കുറിച്ച് പഠനം

19 [*349] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ധാതുലവണങ്ങളെക്കുറിച്ച് സമഗ്രമായ പഠനം നടത്തിയിട്ടുണ്ടോ; അവസാനമായി പഠനം നടത്തിയതെന്നാണ്;

(ബി) സംസ്ഥാനത്ത് വിവിധ പ്രദേശങ്ങളിൽ സ്വർണ്ണനിക്ഷേപം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വെളിപ്പെടുത്താമോ;

(സി) സ്വർണ്ണനിക്ഷേപത്തെക്കുറിച്ച് പഠനം നടത്തിയ ഏജൻസി ഏതാണ്; ഇതു സംബന്ധിച്ച പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) സ്വർണ്ണം ഖനനം ചെയ്യുന്നതുസംബന്ധിച്ച പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇതിന് കേന്ദ്രത്തിന്റെ പ്രത്യേക സഹായം ലഭിക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): (എ) സംസ്ഥാനത്തെ ധാതുലവണങ്ങളെക്കുറിച്ച് തുടർച്ചയായ പഠനം സംസ്ഥാന സർക്കാരിന്റെ മൈനിങ് ആന്റ് ജിയോളജി വകുപ്പും കേന്ദ്ര സർക്കാർ സ്ഥാപനമായ ജിയോളജിക്കൽ സർവ്വെ ഓഫ് ഇൻഡ്യയും നടത്തിക്കൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly